

# പ്ലാവ്
## (*Artocarpus heterophyllus*)

വിശിഷ്ട ഫലമായ ചക്ക ഇന്ത്യയുടെ മിക്ക പ്രദേശങ്ങളിലും വിളിക്കപ്പെടുന്നത് പാവപ്പെട്ടവന്റെ ഭക്ഷണമെന്നാണ്. വൈറ്റമിൻ എ, സി എന്നിവയുടെയും നിരവധി ധാതുക്കളുടെയും കലവറയാണിത്.

**ഉത്ഭവം** – ഇന്ത്യയിലെ പശ്ചിമഘട്ട മേഖല. ഏഷ്യൻ, ആഫ്രിക്കൻ രാജ്യങ്ങളിലും തെക്കേ അമേരിക്കയുടെ വിവിധ ഭാഗങ്ങളിലും സ്വാഭാവികമായി കണ്ടുവരുന്നു.

**എത്തിച്ചേർന്ന രാജ്യങ്ങൾ** – ബർമ, സിലോൺ, തെക്കൻ ചൈന, മലയ, ഈസ്റ്റ് ഇൻഡീസ്, ഫിലിപ്പൈൻസ്



## വിവരണം

### മരം

പുറന്തൊലിക്ക് ചാരനിറം കലർന്ന തവിട്ടോ കടുംതവിട്ടോ നിറം. മരത്തിന് പ്രായമേറുമ്പോൾ പുറംതൊലി പരുക്കനായി കാണാം. മരം ഇടതൂർന്ന ഇലകളുള്ളത്, ഇളംപ്രായത്തിൽ കോണിക്കൽ ആകൃതിയിലായിരിക്കുമെങ്കിലും വളരുന്നതനുസരിച്ച് ഉരുളിമ കൈവരിക്കുകയോ വശങ്ങളിലേക്ക് ശാഖകൾ നീട്ടിയ രൂപത്തിലെത്തുകയോ ചെയ്യും. പുതിയ ശാഖകളും ഇലകളും മിനുക്കമുള്ളതായിരിക്കുമെങ്കിലും ചിലപ്പോൾ പരുക്കനോ നേരിയ തോതിൽ രോമങ്ങളോടു കൂടിയതോ ആകാനിടയുണ്ട്.



### പൂക്കൾ

പൂങ്കുലയിൽ തിങ്ങിനിറഞ്ഞ് ഏകലിംഗപുഷ്പങ്ങളുണ്ടാകുന്നു. മരത്തിന്റെ തായ്ത്തടിയിൽ നിന്നോ ശാഖകളിൽ നിന്നോ നേരിട്ട് പൂങ്കുലകൾ വിരിഞ്ഞിറങ്ങുന്നു.

### പഴം

ഇനമനുസരിച്ച് ചെറിയ വ്യതിയാനങ്ങൾ വരാമെങ്കിലും മധുരമാണ് ചക്കപ്പഴത്തിന്റെ സ്വാദ്. പ്രധാനമായും മധുരവിഭവങ്ങളുാക്കുന്ന തിനാണ് ഉപയോഗിക്കുന്നത്. ചക്കച്ചുള പച്ചയായിരിക്കുമ്പോൾ കടുത്ത സ്വാദുകളൊന്നുമില്ല. ഇതു സംസ്കരിക്കുമ്പോൾ മാംസാഹാരത്തിന്റെ സ്വാദിനോടു സാമ്യമുള്ളതിനാൽ വെജിറ്റ ബിൾ മീറ്റ് എന്നും വിളിക്കപ്പെടുന്നു.



### ഇനങ്ങൾ

കമ്പോഡിയൻ ഓറഞ്ച് ജാക്ക്, ചുങ്കപ്പുര സോഫ്റ്റ്, സിന്ദൂർ, സീഡ് ഫ്രീ ജാക്ക്, ഗംലെസ് ജാക്ക്, ജെ.33, ഡാങ്സൂര്യ, പാത്താമുട്ടം.

## നടീൽ പരിചരണം




**നടീൽ വസ്തു** : ബഡ് ചെയ്ത തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്തോ ചാലുകൾ കീറി ഉയർത്തിയ തടങ്ങളിലോ വളർത്താം. തട്ടുകളായി തിരിച്ച ഭൂമിയിലും കൃഷി ചെയ്യാം.

**കുഴിയുടെ അളവ്** : മൂന്ന് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ വ്യാസം** : 25 അടി

**ഇലത്തഴപ്പിന്റെ ഉയരം** : 30 അടി

**നടീൽ അകലം** : നിരകൾ തമ്മിലും ചുവടുകൾ തമ്മിലും 25 അടി വീതം

**വിളവ് ലഭിക്കുന്ന സീസൺ** : ജനുവരി-ഫെബ്രുവരി മുതൽ മെയ്-ജൂൺ വരെ

**അനുയോജ്യ നടീൽ പ്രദേശം** : നിരപ്പായ ഭൂമി മുതൽ മലഞ്ചെരിവുകൾ വരെ

## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **താപനില** : 22-38 ഡിഗ്രി സെൽഷ്യസ്
- **മഴ** : 1500-2000 മില്ലി മീറ്റർ
- ആപേക്ഷിക ആർദ്രത : 60-70%
- **മണ്ണിന്റെ സ്വഭാവം** : മണൽ കലർന്ന എക്കൽ മണ്ണ്, വെട്ടുകൽ മണ്ണ്
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി
- **സൂര്യപ്രകാശത്തിന്റെ ആവശ്യകത** : നല്ല വെയിൽ നിർബന്ധം
- **അമ്ല-ക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വെട്ടിയൊരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം
- **മൂല്യവർധിത ഉൽപ്പന്നങ്ങൾ** : ചിപ്സ്, ഹൽവ, അച്ചാർ

## പോഷണ പരിപാലനം

| വളം | 1-ാം വർഷം | 2-ാം വർഷം | 3-ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 100 ഗ്രാം | 200 ഗ്രാം | 250 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 3 കി. ഗ്രാം | 5 കി. ഗ്രാം | 10 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 150 ഗ്രാം | 200 ഗ്രാം | 250 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്ത വളത്തിന്റെ പകുതി രണ്ട് തവണകളായി നൽകുക (NPK, കമ്പോസ്റ്റാക്കിയ കാലി വളം)



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളത്തിന്റെ അളവ് |
|---|---|
| ഒന്നാം വർഷം | 5 ലിറ്റർ |
| രണ്ടാം വർഷം | 10 ലിറ്റർ |
| മൂന്നാം വർഷം | 15 ലിറ്റർ |

## രോഗങ്ങളും കീടങ്ങളും

പഴയീച്ചയുടെ ആക്രമണം : പഴം പൊതിഞ്ഞു സൂക്ഷിക്കുക, ഫിറമോൺ കെണികൾ ഉപയോഗിക്കുക

വാട്ടം : മൂന്നു ഗ്രാം കോപ്പർ ഓക്സി ക്ലോറൈഡ് അല്ലെങ്കിൽ കോസൈഡ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്ത് തടത്തിൽ ഒഴിച്ചുകൊടുക്കുക



Document Prepared by
Research and Development department
Homegrown Biotech
Ph: +91 9562066333